ലൂക്ക 1:5 - 25

നവംബർ 19: സക്കറിയായോടുള്ള അറിയിപ്പ്

ഭാഷ്യം

I. സന്ദർഭം

ലൂക്കയുടെ സുവിശേഷത്തിലെ 'ബാല്യകാല സുവിശേഷം' എന്നറിയപ്പെടുന്ന (1: 5 - 2: 52) വിവരണങ്ങളിൽ യോഹന്നാന്റെ ജനനത്തെക്കുറിച്ചാണ് പാഠഭാഗം. താൻ രചിക്കുന്ന യേശു സംഭവം ചരിത്രരേഖകളെ അവലംബിച്ചും, തനിക്കു മുമ്പ് നൽകിയവരുടെ സാക്ഷ്യങ്ങളെ യുക്തിസഹമായി അപഗ്രഥിച്ചും, അനുവാചകർക്ക് ക്രമമായ ഒരു സാരാംശം നൽകുകയാണ് ഗ്രന്ഥകാരൻ (1: 1-4). അതുകൊണ്ടുതന്നെ പ്രവാചകന്മാരുടെ അവസാനത്തെ കണ്ണിയെന്ന വണ്ണം സ്നാപക യോഹന്നാനെ അവതരിപ്പിക്കുകയാണ് ഇവിടെ. പഴയ നിയമത്തിലെ ഇസഹാക്ക് (ഉല്പ. 16: 16), സാംസൺ (ന്യായാധിപ. 13: 2-7), സാമുവേൽ (1സാമു. 1: 1-28) എന്നിവരുടെ ജനനത്തിന്റെ രീതിയിൽ തന്നെയാണ് യോഹന്നാന്റെ ജനനവും അവതരിപ്പിക്കുന്നത്. 'ഹേറോദേസ്', 'അബിയാ', 'അഹറോൻ' പരാമർശങ്ങളും പൗരാണികത്തെയും വർത്തമാന കാലത്തെയും ബന്ധിപ്പിക്കുന്ന കണ്ണികളായി മാറുന്നുണ്ട്.

II. പ്രമേയം

സുവിശേഷം എന്നത് രക്ഷാകരമായ സന്തോഷത്തിന്റെ സദ്വാർത്തയാണ്. രൂപരഹിതമായി ശൂന്യമായിരുന്ന ഭൂമിയിലേക്ക് ആത്മാവിന്റെ ചൈതന്യം നിറഞ്ഞതു പോലെ (ഉല്പ. 1: 1-2) മക്കളില്ലാത്ത ദമ്പതികൾക്ക് മക്കളെ വാഗ്ദാനം ചെയ്തു അവർക്ക് ആനന്ദവും (1: 14) അനേകർക്ക് ആഹ്ലാദവും നൽകുന്ന ഒരു പ്രക്രിയയുടെ ആരംഭമാണ് പ്രമേയം.

III. സന്ദേശം

1. വിവരണം ആരംഭിക്കുന്നത് ലോകചരിത്രത്തിന്റെ ചട്ടക്കൂട്ടിലാണ്. മഹാനായ ഹേറോദേസ്, ഇദുമയനായ അന്തിപ്പാത്തറിന്റെ മകനാണ്. ബി.സി. 40 മുതൽ പാലസ്തീനയിലെ രാജാവാണ്. 'സഖറിയ' എന്ന ഹെബ്രായ നാമത്തിന്റെ അർത്ഥം യാഹ്‌വേ ഓർമ്മിച്ചിരിക്കുന്നു എന്നാണ്. 24 ഗണമായി തിരിച്ചിരിക്കുന്ന യഹൂദ പുരോഹിതരിൽ എട്ടാമത്തെ ഗണമാണ് അബിയായുടേ

ത്. വർഷത്തിൽ രണ്ടു പ്രാവശ്യമാണ് അൾത്താര ശുശ്രൂഷ അവർക്കു ലഭിക്കുക. 'എലിസബത്ത്' എന്നതിന്റെ അർത്ഥം 'എന്റെ ദൈവത്തിന്റെ പ്രതിജ്ഞ' എന്നാണ്. സദ്വാർത്തക്ക് ദ്വിമാനമുണ്ട്. പഴയ നിയമത്തിന്റെ വേരുകളിൽ നിന്നാണ് അത് പടർന്നു പന്തലിക്കുന്നത്. അതുപോലെ അതു വർത്തമാന കാലത്തെ പ്രതിബിംബിക്കുകയും ചെയ്യുന്നു. നമ്മുടെ ജീവിതവും ആത്മീയതയും ഈ രണ്ടു മാനങ്ങളിലൂടെ നാം പടുത്തുയർത്തണം. പഴയതിനെ പാടേ വിസ്മരിക്കാതെ പുതിയതിനെ ചേർത്തു പിടിച്ചു വേണം നമ്മുടെ ജീവിതവും ശുശ്രൂഷയും അർത്ഥവത്താക്കാൻ.

2. സഖറിയായുടെയും എലിസബത്തിന്റെയും ജീവിതം നമുക്ക് ഇന്നും ഒരു വെല്ലു വിളിയാണ്. വന്ധ്യത്വം ദൈവശാപമായി കരുതിയിരുന്ന ഒരു സമൂഹത്തിൽ, ഏറെ അവമതികൾ ഏറ്റുവാങ്ങി, ഏകാന്തതയുടെ തടവറയിൽ കഴിയുമ്പോഴും തങ്ങളുടെ ധർമ്മ - നീതി- ബോധം നഷ്ടപ്പെടുത്താതെ അവർ ജീവിച്ചു. ദൈവാനുഗ്രഹങ്ങൾ അന്യമാണെന്ന് തോന്നിയിട്ടും, ദൈവത്തെ മുറുകെ പിടിച്ച ദമ്പതികൾ! നമ്മുടെ ഭൗതിക നിയോഗങ്ങൾക്കായുള്ള പ്രാർത്ഥനകളും, അനുഷ്ഠാനങ്ങളും, ഫലം കാണാതെ വരുമ്പോൾ, വിശ്വാസം മാറാനും ത്യജിക്കാനും ആത്മീയത ഉപേക്ഷിക്കാനും, എന്തിന്, തമ്പുരാന്റെ ശത്രുപക്ഷത്താകാനും വഴിപ്പെട്ടു പോകുന്നവർക്ക് ഒരു ചൂണ്ടുപലകയാണ് ഈ 'ദമ്പതികൾ'. അനുഗ്രഹങ്ങളല്ല നമ്മുടെ വിശ്വാസത്തിന്റെയും സുകൃതജീവിതത്തിന്റെയും അളവുകോലെന്ന് തിരിച്ചറിയാം.

3. യോഹന്നാന്റെ ദൗത്യത്തെ കുറിച്ച് ദൂതൻ പറയുന്നതു ശ്രദ്ധിക്കുക. അവൻ കുടുംബത്തിന് മാത്രമല്ല, നാടിനും സന്തോഷം പകരും (1: 14). കുടുംബബന്ധങ്ങളെ അവൻ നേരേയാക്കും. മാതാപിതാക്കളും മക്കളും തമ്മിലുള്ള അകൽച്ച ഇല്ലാതാക്കും. ഇന്നിന്റെ വലിയ ആവശ്യമല്ലേ ഇത്? നമ്മുടെ കുടുംബങ്ങളിൽ ഉള്ളു തുറന്ന് സന്തോഷിക്കുന്ന അവസരങ്ങൾ കുറഞ്ഞു വരുന്നില്ലേ? ഓരോരുത്തരും തനതു മാളങ്ങളിൽ ഒളിച്ചു പരസ്പരധാരണ നഷ്ടപ്പെട്ടു കഴിയുമ്പോൾ ഓർക്കാം - സുവിശേഷം ആരംഭിക്കുന്നത് നമ്മുടെ ഭവനങ്ങളിൽ ആണ്.

ഡോ. ജേക്കബ് മുല്ലൂർ

പ്രസംഗം
ദൈവിക ഇടപെടൽ

"ലോകപ്രശസ്ത ഫുട്ബോൾ ക്ലബ് ആയ മാഞ്ചസ്ററർ യുണൈറ്റഡിന്റെ താരമായത് ദൈവം നൽകിയ അനുഗ്രഹമാണ്. ഡേവീഡ് ബെക്കാമിനും റയാൻ ഗിഗ്സിനുമൊപ്പം ലോകമെങ്ങും കളിക്കളത്തിൽ പാറിപ്പറന്നു കളിക്കാൻ അനുവദിച്ചതും ദൈവമാണ്. എന്നാൽ അതുപോലെ തന്നെ ആണ്

ബൂട്ട് അഴിച്ചു വെച്ച് കർത്താവിന്റെ പുരോഹിതനാകുവാൻ എന്നോട് കൽപിച്ചതെന്നും ഞാൻ കരുതുന്നു. ഭൗതിക ലോകത്തിനു മുമ്പിൽ അതൊരു അത്ഭുതമാകാം പരിഹാസമാകാം, എന്നാൽ ദൈവത്തിന്റെ വിളി ഞാനൊരു വെല്ലുവിളിയായി ഏറ്റെടുത്തു." പുരോഹിതാനായിത്തീർന്ന മാഞ്ചസ്റ്റർ യുണൈറ്റഡ് ഫുട്ബോൾ താരം ഫിൽ മുൽറിയാന്റെ വാക്കുകളാണിത്. ദൈവത്തിന്റെ പ്രത്യേകപദ്ധതിയും തന്നെക്കുറിച്ചുള്ള ദൈവനിയോഗവും തിരിച്ചറിഞ്ഞ മനുഷ്യന്റെ വെളിപ്പെടുത്തലാണിത്. ലോകത്തിന്റെ അളവു കോലുകൾക്കുമപ്പുറം ദൈവം ഓരോ വ്യക്തിയുടെയും ജീവിതത്തിൽ അത്ഭുത കരമാം വിധം ഇടപെടുന്നുണ്ടെന്ന വസ്തുതയെ അരക്കിട്ടുറപ്പിക്കുകയാണി വിടെ.

ഇന്ന് നമുക്കു മുമ്പിൽ വായിക്കപ്പെട്ട സുവിശേഷഭാഗവും പങ്കുവെക്കുന്ന യാഥാർത്ഥ്യമെന്തെന്നു വച്ചാൽ ചരിത്രത്തിന്റെ യാഥാർത്ഥ്യമായും ദൈവാ ലയത്തിലെ സാന്നിദ്ധ്യമായും വാഴുന്ന ദൈവം നമ്മുടെ കുടുംബങ്ങളിലും അത്ഭുതം പ്രവർത്തിക്കാൻ ശക്തിയുള്ളവനാണെന്നതാണ്. മൂന്നു പശ്ചാത്തലങ്ങളാണ് ഈ വചനത്തിന്റെ ആരംഭത്തിൽ ഈ വചനത്തിലേ ക്കുള്ള വാതിലായി തുറന്നു വെച്ചിരിക്കുന്നത്. ഒന്നാമത്തെ സൂചന, ഹെറോ ദേസിന്റെ ഭരണകാലമെന്നതാണ്. അത് ചരിത്രത്തെ ക്കുറിച്ചുള്ള സൂചനയാണ്. ഭൂമിയിലെ രാജാവ് ഭരിക്കുന്നവൻ മാത്രമാണ്, എന്നാൽ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവായ ദൈവം ഭൂമിയിലെ രാജാക്കന്മാരെക്കാൾ ഉന്നതനും ജനത്തിന്റെ ആവശ്യങ്ങളെക്കുറിച്ച് ശ്രദ്ധാലുവുമാണ്.

പിന്നീട് വരുന്നത് ജെറുസലേം ദൈവാലയത്തിൽ ധൂപാർപ്പണത്തിന് കടന്നു വരുന്ന അബിയായുടെ ഗണത്തിൽ പെടുന്ന സഖറിയാ എന്ന പുരോഹിതൻ ആണ്. അദ്ദേഹത്തിന്റെ ഭാര്യ എലിസബത്ത് അഹറോന്റെ വംശത്തിൽ പെടുന്നവൾ ആണ്. ഇരുവർക്കും സമാനമായുള്ളത് പുരോഹിത പാരമ്പര്യം തന്നെ. ദൈവാലയവും പുരോഹിതനും ഇസ്രയേലിന്റെ പരമമായ ദൈവ സാന്നിദ്ധ്യത്തിന്റെ അടയാളങ്ങളായിരുന്നു. ജെറുസലേം ദൈവാലയത്തിന്റെയും അഹറോന്റെ പൗരോഹിത്യത്തിന്റെയും പ്രസക്തികൾ നഷ്ടമാവുകയും ഇത്രയും കാലം ദൈവത്തിന്റെ വചനം ശ്രവിക്കാൻ മടികാണിച്ച അവർ മൂകരാ യിത്തീരാൻ ദൈവത്താൽ വിധിക്കപ്പെടുകയും, ഇവർക്കു പകരം ദൈവാത്മാ വിനാലും ദൈവകൃപയാലും നയിക്കപ്പെടുന്ന വംശാവലിയുടെയും കുടുംബ പാരമ്പര്യത്തിന്റെയും ആധിപത്യങ്ങളിൽ നിന്ന് വിമോചിപ്പിക്കപ്പെടുന്ന പുതിയനിയമത്തിന്റെ മക്കൾ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. ഇവരുടെ പ്രതിനിധിയാണ് യോഹന്നാൻ സ്നാപകൻ.

മൂന്നാമത്തെ പശ്ചാത്തലം: പുരോഹതനായ സഖറിയായും അദ്ദേഹത്തിന്റെ കുടുംബവുമാണ്. ചരിത്രത്തിലും ദൈവാലയത്തിലും വിസ്മയകരമായി നിലകൊള്ളുന്ന ദൈവം നമ്മുടെ ജീവിതത്തിൽ ഓരോ രംഗത്തിലും ഇട

പെടുന്നവൻ കൂടിയാണ്. ചരിത്രത്തിലും ദൈവാലയത്തിലും മാത്രം ദൈവത്തെ കുടിയിരുത്തുകയും ജീവിതത്തിൽ നിന്ന് ദൈവത്തെ അകറ്റി നിർത്തുകയും ചെയ്ത ഇസ്രയേൽ ജനത്തിന്റെ ജീവിത പശ്ചാത്തലത്തിന് ബദലായാണ് ഇവിടെ സുവിശേഷകൻ നിൽക്കുന്നത്. കാരണം, അവർ നീതിനിഷ്ഠരും കർത്താവിന്റെ കൽപനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമാണെന്ന് അവതരിപ്പിച്ച് ആരംഭിക്കുന്ന വിവരണം അവസാനിക്കുമ്പോൾ നമ്മെ ബോധ്യപ്പെടുത്തുന്നത് സഖറിയായുടെ വിശ്വാസത്തെക്കുറിച്ചുള്ള കുറവുകളിലേക്കാണ്.

വിവരണത്തിന്റെ ആദ്യഭാഗത്ത് സഖറിയായുടെയും എലിസബത്തിന്റെയും ജീവിതത്തിലെ ഉയർന്ന പശ്ചാത്തലങ്ങളെ വിവരിക്കുന്നത് നാം കാണുന്നു. എന്നാൽ പിന്നീട് ഈ വിവരണത്തിന് ദിശതിരിയുന്നത് അവരുടെ ജീവിതത്തിലെ ഉള്ളു പൊള്ളുന്ന യാഥാർത്ഥ്യത്തിലേക്ക് ചെന്നു നിൽക്കുമ്പോഴാണ്. അവർക്ക് മക്കളില്ലെന്നതാണ് ആ വസ്തുത. സമൂഹത്തിൽ വർണ്ണിക്കപ്പെടുന്നതിനേക്കാളും വളരെ ദൂരെയാണ് യാഥാർത്ഥ്യം. സമകാലികകുടുംബങ്ങളുടെയും അവസ്ഥ ഇതു തന്നെയാണ്. മുഖത്തൊട്ടിച്ചു വെച്ച ചിരിയിലും തേച്ചുമിനുക്കിയ വസ്ത്രത്തിന്റെ മോടിയിലും ജീവിതത്തിലെ നൊമ്പരങ്ങളൊളിപ്പിച്ചു വെയ്ക്കാനാണ് ആധുനിക മനുഷ്യന്റെയും ശ്രദ്ധ. എന്നാൽ പ്രാർത്ഥനയെന്നതും വിശ്വാസമെന്നതും ഹൃദയത്തെയും ജീവിതത്തെയും തൊട്ടുനിൽക്കുന്നതാകണം.

അതിനാൽത്തന്നെ പഴയജെറൂസലേമിൽ നിന്ന് പുറത്തുകടക്കാനുള്ള ആഹ്വാനമാണ് ഇന്നത്തെ സുവിശേഷം. അഭിനയത്തികവിന്റെ ഒരു സ്വപ്നലോകത്ത് തടവിലാണ് നാം. അതിനാൽത്തന്നെ തൊണ്ടയിൽക്കുരുങ്ങിക്കിടക്കുന്ന അധരത്തിൽ മാത്രം തത്തിക്കളിക്കുന്ന വിശ്വാസരീതിയാണ് നമ്മിൽ പലർക്കും ഉള്ളത്. എന്നാൽ വാക്കുമാറ്റുന്നതു പോലെയും വസ്ത്രം മാറ്റുന്നതു പോലെയും മാറിമാറി അണിയാനുള്ള അലങ്കാരമല്ല വിശ്വാസം. ജീവിതത്തിലെ നൊമ്പരപ്പെടുത്തുന്ന അനുഭവങ്ങളിൽ നിന്നും സന്തോഷം പകരുന്ന ദൈവിക ഇട പെടലുകളിൽ നിന്നും അത്ഭുതങ്ങളിൽ നിന്നും രൂപപ്പെടുകയും ഉൾക്കരുത്തായി രൂപാന്തരപ്പെടുകയും ചെയ്യുന്ന യാഥാർത്ഥ്യമാണത്. വിശ്വാസം അതിനാൽത്തന്നെ ഹൃദയത്തിന്റെ ഭാഗമാണ്.

ഇവിടെ പരിശുദ്ധകുർബാനയിൽ ദൈവം നമുക്കരികിൽ ഉണ്ട്. ഈ ജനം ചരിത്രത്തിലും ദൈവാലയത്തിലും സന്നിഹിതനായ ദൈവം നമ്മുടെ വീട്ടുമുറ്റത്തു കൂടെ കടന്നുവരുമെന്ന് നമുക്ക് വിശ്വസിക്കാം. നമ്മുടെ പ്രാർത്ഥനാമുറിയിലും ഭക്ഷണമേശയിലും അവിടുന്ന് വിരുന്നുകാരനാകട്ടെ. പ്രശ്നങ്ങളിലും പ്രതിസന്ധിഘട്ടങ്ങളിലും തുണയായി ഒരു ദൈവമുണ്ടെന്ന വിശ്വാസം നമ്മെ നയിക്കട്ടെ.

ഫാ. ജസ്റ്റിൻ കാഞ്ഞൂത്തറ എംസിബിഎസ്